**പതിനാലാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങൾ)

## 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്

2016 ഒക്ടോബർ 27-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിനാലാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങൾ)

**2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്

1153/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങൾ)

## (2016-2018)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ഡോ. ടി. എം. തോമസ് ഐസക്,
ധനകാര്യവും കയറും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. ടി. എ. അഹമ്മദ് കബീർ, എം.എൽ.എ.

ഡോ. എൻ. ജയരാജ്, ,,

ശ്രീ. വി. കെ. സി. മമ്മത് കോയ, ,,

ശ്രീ. ഡി. കെ. മുരളി, ,,

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ,,

ശ്രീ. മുല്ലക്കര രത്നാകരൻ, ,,

ശ്രീ. വി. ഡി. സതീശൻ, ,,

ശ്രീ. കെ. സുരേഷ് കുറുപ്പ്, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16), 8-6-2015-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും സമിതിക്ക് നാളിതുവരെ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 24-10-2016-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിലെ ഭാഗം 1-ൽ (2015-16)-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഭാഗം 2-ൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ചും ഉൾപ്പെടുത്തിയിരിക്കുന്നു.

2016 ഒക്ടോബർ 24-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2016 ഒക്ടോബർ 24.

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

## റിപ്പോർട്ട്

## ഭാഗം -1

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും.

### ധനാഭ്യർത്ഥന നമ്പർ V-കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

ശിപാർശ (ഖണ്ഡിക 1)

2040-00-101-97-04(1) - വാണിജ്യ നികുതി ആഫീസുകൾ - യാത്രാബത്ത

2014-15 വർഷത്തെ യാത്രാബത്ത കുടിശ്ശികയിനത്തിൽ 8.5 ലക്ഷം രൂപ ആവശ്യമുള്ളതിനാലും, അടുത്ത വർഷം മുതൽ ചരക്ക സേവന നികുതി നടപ്പാക്കുന്നത് സംബന്ധിച്ച ചർച്ചകൾക്കും പരിശീലന പരിപാടികൾക്കും ഉദ്യോഗസ്ഥർക്ക് ഡൽഹിയിലേക്ക് യാത്രനടത്തേണ്ടതായുള്ളതിനാൽ വിമാനയാത്രാക്കൂലി മുതലായ ഇനങ്ങളിൽ ചെലവ് വർദ്ധിക്കാനിടയുള്ളതുകൊണ്ടും ഇപ്പോൾ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ, 26 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രാരംഭത്തിലനുവദിച്ച 85 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ചു കഴിഞ്ഞിട്ടില്ല. ഈ വിഹിതം ഉപയോഗിച്ചു തീരുന്ന മുറയ്ക്ക് അധിക വിഹിതത്തിനായുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 2)

2040-00-101-97-05(1)- ഓഫീസ് ചെലവുകൾ - വെള്ളക്കരം.

2015-16 വർഷത്തേയ്ക്ക് വെള്ളക്കരം ഇനത്തിൽ 12.25 ലക്ഷം രൂപ ആവശ്യമുള്ളതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. ആയതിനാൽ 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2015-16 വർഷം ബഡ്ജറ്റ് വിഹിതമായി അനുവദിച്ചു കിട്ടിയ 7 ലക്ഷം രൂപയിൽ 6,57,000/- രൂപ ഇതുവരെ വിനിയോഗിച്ചിട്ടുണ്ട്. 2,00,000/- രൂപയുടെ

അധിക തുകയുള്ള ഒന്നാം ഉപധനാഭ്യർത്ഥന നിർദ്ദേശങ്ങൾ ധനവകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 3)</u>

2040-00-101-97-06 - <u>വാടക, കരം, നികുതി</u>

ഈ ശീർഷകത്തിൽ മുൻവർഷത്തെ ബഡ്ജറ്റ് വിഹിതവും, അധികമായി അനുവദിച്ച കിട്ടിയ തുകയും പൂർണ്ണമായി ചെലവഴിച്ച് കഴിഞ്ഞതിനാലും, കെട്ടിട നികുതിയിനത്തിൽ കമ്മീഷണറേറ്റിനും മറ്റ് ആഫീസുകൾക്കുമായി 70 ലക്ഷത്തോളം രൂപ കുടിശ്ശികയുള്ളതിനാലും, വാടക, കരം, നികുതിയിനത്തിൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രാരംഭത്തിലനുവദിച്ച 165 ലക്ഷം രൂപ വിനിയോഗിച്ച് കഴിഞ്ഞിട്ടില്ല. ഈ വിഹിതം തീരുന്ന മുറയ്ക്ക് അധിക വിഹിതത്തിനായുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 4)</u>

2040-00-101-97-21(2) - <u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

2014-15 വർഷത്തെ ബഡ്ജറ്റ് വിഹിതവും, അധികമായി അനുവദിച്ച തുകയും പൂർണ്ണമായും ചെലവഴിച്ചതിനാലും, വകുപ്പിലേക്ക് 40 വാഹനങ്ങൾ പുതിയതായി വാങ്ങിയതിനാൽ ചെലവ് വർദ്ധിക്കാനിടയുള്ളതിനാലും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രാരംഭത്തിലനുവദിച്ച 80 ലക്ഷം രൂപ വിനിയോഗിച്ച് കഴിഞ്ഞിട്ടില്ല. ഈ വിഹിതം വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് അധിക വിഹിതത്തിനായുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 5)</u>

2040-00-101-97-45 - <u>പി.ഒ.എൽ</u>

വാണിജ്യ നികുതി വകുപ്പിന് നിലവിലുള്ള 277 വാഹനങ്ങൾക്ക് പുറമേ 40 പുതിയ വാഹനങ്ങൾ കൂടി വാങ്ങിയതിനാൽ ഇന്ധന ചെലവിനത്തിൽ ചെലവ് വർദ്ധിക്കാനിടയുള്ളതിനാലും ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാലും 30 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രാരംഭത്തിലനുവദിച്ച 290 ലക്ഷം രൂപ ഇതുവരെ വിനിയോഗിച്ച് കഴിഞ്ഞിട്ടില്ല. ഈ വിഹിതം വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് അധിക വിഹിതത്തിനായുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 6)

2040-00-101-94-19 - കമ്പ്യൂട്ടർവൽക്കരണം - യന്ത്രോപകരണങ്ങൾ

2016 ഏപ്രിൽ മുതൽ ചരക്ക സേവന നികുതി നടപ്പിലാക്കേണ്ടതിനായി സെർവറുകളുടെ ശേഷി കൂട്ടുന്നതിനും മറ്റ് അനുബന്ധസാമഗ്രികൾ ലഭ്യമാക്കുന്നതിലേക്കുമായി അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ അടിയന്തരപ്രവർത്തികൾക്കായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രാരംഭത്തിലനുവദിച്ച 500 ലക്ഷം രൂപ ഇതുവരെ വിനിയോഗിച്ച് കഴിഞ്ഞിട്ടില്ല. ഈ വിഹിതം വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് അധിക വിഹിതത്തിനായുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 7)

2040-00-800-98-36 - കച്ചവടക്കാരുടെ ക്ഷേമപദ്ധതി - സഹായധനം - ശമ്പളേതരം.

സംസ്ഥാനത്തെ കച്ചവടക്കാർക്കുള്ള ക്ഷേമപെൻഷൻ കുടിശ്ശിക, മരണാനന്തര ആനുകൂല്യം, എക്സ്ഗ്രേഷ്യ തുടങ്ങിയവ വിതരണം ചെയ്യുന്നതിനായി 9.5 കോടി രൂപ

അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സ്വീകരിച്ച നടപടി

തുക അനുവദിക്കുന്നതിലേയ്ക്ക് വേണ്ടി അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ സമർപ്പിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.
(സർക്കാർ കത്ത് നമ്പർ 14794/ഡി3/15/നി.വ. തീയതി 28.10.2015)

## ധനാഭ്യർത്ഥന നമ്പർ VII - മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

ശിപാർശ (ഖണ്ഡിക 8)

2030-03-001-99-34 - രജിസ്ട്രേഷൻ - നടത്തിപ്പും ഭരണവും - മറ്റ് ചെലവുകൾ

രജിസ്ട്രേഷൻ വകുപ്പിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് നടത്തേണ്ട ആഘോഷ പരിപാടികൾക്കും, സെമിനാറുകൾക്കും ജില്ലാതല ആഘോഷ പരിപാടികൾക്കുമായി 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

രജിസ്ട്രേഷൻ വകുപ്പിന്റെ 150-ാം വാർഷിക ആഘോഷം 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ നടത്തുകയുണ്ടായി. അതിലേയ്ക്കായി മൊത്തം 9,91,066 രൂപ ചെലവഴിച്ചു. ആഘോഷ പരിപാടികൾക്കായി 30 ലക്ഷം രൂപയുടെ പദ്ധതികൾ തയ്യാറാക്കിയെങ്കിലും സർക്കാരിന്റെ ചെലവു ചുരുക്കൽ നടപടികളുടെ ഭാഗമായി സെമിനാറുകൾ, ദൃശ്യമാധ്യമങ്ങളിലെ പരസ്യങ്ങൾ എന്നിവ ഒഴിവാക്കുകയുണ്ടായി. രജിസ്ട്രേഷൻ വകുപ്പിന്റെ 150-ാം വാർഷിക ആഘോഷങ്ങളുടെ സമാപന ചടങ്ങ് രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവന പദ്ധതിയുടെ ഉദ്ഘാടന ദിവസം നടത്താനായതും ചെലവു കുറയാൻ കാരണമായി. 150-ാം വാർഷികാഘോഷങ്ങൾക്കായി സർക്കാർ 24.06.2015-ലെ സ.ഉ.(സാധാ)ന 5937/2015/ധന, 04.12.2015-ലെ സ.ഉ.(സാധാ)10535/2015/ധന. എന്നീ ഉത്തരവുകൾ പ്രകാരം 14 ലക്ഷം രൂപ അധികമായി

അനുവദിച്ചിരുന്നുവെങ്കിലും 2015-16 സാമ്പത്തിക വർഷത്തിൽ ഇതിനായി 7,50,041 രൂപ മാത്രമാണ് ചെലവഴിച്ചതെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 9)</u>

2030-03-001-97-04-1 - <u>രജിസ്ട്രേഷൻ - നടത്തിപ്പും ഭരണവും - യാത്രാ ചെലവുകൾ - യാത്രാബത്ത</u>

രജിസ്ട്രേഷൻ ഡി.ഐ.ജി.മാരുടെ യാത്രാബത്ത ഇനത്തിലുള്ള കടിശ്ശിക നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാരുടെ യാത്രാബത്ത ഇനത്തിൽ അധിക ഫണ്ട് ആവശ്യമാണ് എന്നു കരുതിയിരുന്നെങ്കിലും നിലവിലെ ഫണ്ടിൽ നിന്നും വഹിക്കുവാൻ സാധിച്ചുവെന്നും, അധിക ഫണ്ട് ആവശ്യമായി വന്നില്ലായെന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 10)</u>

2030-03-001-95-05-3 - <u>സബ് രജിസ്ട്രി ഓഫീസുകൾ - ഓഫീസ് ചെലവുകൾ - ടെലഫോൺ ചാർജ്ജ്.</u>

സബ് രജിസ്ട്രാർ ഓഫീസുകളുടെ ടെലിഫോൺ ചാർജ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സബ്രജിസ്ട്രാർ ഓഫീസുകളുടെ ടെലിഫോൺ ചാർജ്ജ് ഇനത്തിൽ 3.5 ലക്ഷം രൂപ അധികം അനുവദിക്കുവാൻ സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ എല്ലാ സബ്രജിസ്ട്രാർ ഓഫീസുകളും കമ്പ്യൂട്ടർവൽകൃത ഓഫീസുകളായതിനാൽ കൂടുതൽ ഫണ്ട് ഇതിലേയ്ക്കായി

വേണ്ടി വന്ന സാഹചര്യത്തിൽ 11,78,000 രൂപ റീ അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 11)

2030-03-001-95-06 - വാടക, കരം, നികുതി

സബ് രജിസ്ട്രാർ ഓഫീസുകളുടെ വാടകയിനത്തിൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സബ് രജിസ്ട്രാർ ഓഫീസുകളുടെ വാടകയിനത്തിൽ അധിക ചെലവ് പ്രതീക്ഷിച്ചിരുന്നു. എങ്കിലും ചില ഓഫീസുകളുടെ വാടക പുതുക്കാനുള്ള നടപടികൾ 2015-16 വർഷത്തിൽ പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ അധിക ഫണ്ട് ആവശ്യമായി വന്നില്ലായെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 12)

2030-03-001-93 - രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവല്ക്കരണം

സബ് രജിസ്ട്രാർ ഓഫീസുകളിലെ വാല്യങ്ങൾ ബൈൻഡ് ചെയ്ത് കേടുകൂടാതെ സൂക്ഷിക്കുന്നതിനായി നിലവിൽ അനുവദിച്ച വിഹിതം പൂർണ്ണമായും ചെലവഴിച്ചതിനാലും ഒരു വാല്യത്തിന് 710/- രൂപ നിരക്കിൽ 80,000/-ഓളം വാല്യങ്ങൾ ബൈൻഡ് ചെയ്യാൻ ശേഷിക്കുന്നതിനാലും 5.68 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2015-16 വർഷത്തിൽ വാല്യങ്ങൾ ബൈൻഡ് ചെയ്യുന്നതിനായി ഒരു കോടി രൂപ അനുവദിച്ചിരുന്നു. അതുപയോഗിച്ച് 14,000 വാല്യങ്ങൾ ബൈൻഡ് ചെയ്യുകയുണ്ടായി. എന്നാൽ പദ്ധതി നടത്താൻ കാലതാമസം നേരിട്ടതിനാൽ അധിക ഫണ്ട് ആവശ്യമായി

വന്നില്ലായെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 13)</u>

2030-03-001-88 - <u>സംസ്ഥാനതല പരിശീലനകേന്ദ്രം സ്ഥാപിക്കൽ</u>

എറണാകുളം ജില്ലയിലെ കുത്താട്ടുകുളത്ത് രജിസ്ട്രേഷൻ വകുപ്പിന് ആധുനിക സംവിധാനങ്ങളോടുകൂടിയ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പ് സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കുത്താട്ടുകുളത്ത് രജിസ്ട്രേഷൻ വകുപ്പിന് പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനായി പദ്ധതി സ്ഥലത്ത് തറക്കല്ലിടുകയുണ്ടായി. എന്നാൽ പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള സാങ്കേതിക അനുമതികൾ ലഭിച്ചത് സാമ്പത്തിക വർഷാവസാനമായതിനാൽ 2015-16 വർഷത്തിൽ അധിക തുകയുടെ ആവശ്യം ഉണ്ടായില്ലായെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 14)</u>

2030-01-102-99 - <u>മുദ്രപ്പത്ര വില്പനച്ചെലവുകൾ</u>

ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് 04.12.2015-ലെ സ.ഉ.(സാധാ) 10492/2015/ധന. നമ്പർ ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 15)</u>

2030-02-102-99 - മുദ്രപ്പത്ര വില്പനച്ചെലവുകൾ

നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

04.12.2015-ലെ സ.ഉ.(സാധാ)10492/2015/ധന. നമ്പർ ഉത്തരവ് പ്രകാരം 80 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 14770/ഇ 3/2015/നി.വ. തീയതി 01.07.2016)

**ധനാഭ്യർത്ഥന നമ്പർ X - ട്രഷറികളും അക്കൗണ്ടുകളും**

ശിപാർശ (ഖണ്ഡിക 21)

2054-00-098-88 - ലോക്കൽ ഫണ്ട് ആഡിറ്റ് വകപ്പിലെ കമ്പ്യൂട്ടർവൽക്കരണം

ലോക്കൽ ഫണ്ട് ആഡിറ്റ് വകപ്പിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവല്ക്കരണത്തിനായി 60 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള ബജറ്റ് വിഹിതം വിനിയോഗിച്ചശേഷം അധിക തുക ഉചിതമാർഗ്ഗത്തിലൂടെ അനുവദിക്കുന്ന കാര്യം വിഭവലഭ്യതയുടെ കൂടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 50786/എസ്റ്റാ.ഡി2/15/ധന. തീയതി 27.07.2015)

**ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും**

ശിപാർശ (ഖണ്ഡിക 22)

2047-00-103-99 - ദേശീയ സമ്പാദ്യ സംഘടനാ ഡയറക്ടറാഫീസ്

01- ശമ്പളം

05-ഓഫീസ് ചെലവുകൾ

ദേശീയ സമ്പാദ്യ സംഘടനാ ഡയറക്ടറുടെ ഓഫീസിൽ ശമ്പളപരിഷ്കരണം, ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവ് എന്നിവ കണക്കിലെടുത്ത് ശമ്പളം ഇനത്തിൽ 14.86 ലക്ഷം രൂപയും ഓഫീസ് ചെലവ് ഇനത്തിൽ 3.09 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2047-00-103-99-01-ശമ്പളം ശീർഷകത്തിൽ വകയിരുത്തിയിരുന്ന 189.11 ലക്ഷം രൂപയിൽ ആകെ 153.90 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിരുന്നുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത 4.86 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിന് ആവശ്യപ്പെടേണ്ട സാഹചര്യം ഉണ്ടായില്ല. 2047-00-103-99-05-ഓഫീസ് ചെലവുകൾ ശീർഷകത്തിൽ വകയിരുത്തിയ 10.16 ലക്ഷം രൂപയിൽ 8.05 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചുള്ളൂ. ആയതിനാൽ ഈ ശീർഷകത്തിലും അധിക തുക വകയിരുത്തേണ്ട സാഹചര്യം ഉണ്ടായില്ല.

ശിപാർശ(ഖണ്ഡിക 23)

2047-00-103-99-06-വാടക, കരം, നികുതി

ഡയറക്ടറേറ്റിന്റെയും ജില്ലാ ഓഫീസിന്റെയും വാടക പുതുക്കി നിശ്ചയിച്ചിട്ടുള്ളതിനാൽ ഇപ്പോൾ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2047-00-103-99-06(നോൺ പ്ലാൻ) ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ 5.50 ലക്ഷം രൂപയ്ക്ക് പുറമേ അധികം ആവശ്യമായി വന്ന 0.42 ലക്ഷം രൂപ കൂടി അധിക ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 24)

2047-00-103-99-08-പരസ്യം, പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

2015-16 സാമ്പത്തിക വർഷത്തിൽ നിക്ഷേപ സമാഹരണ ലക്ഷ്യം ജില്ലകൾക്ക് നിശ്ചയിച്ച് നൽകുന്നതു മൂലമുള്ള കൂടുതൽ ചെലവ് കണക്കിലെടുത്ത് 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സ്വീകരിച്ച നടപടി

2047-00-103-99-08(നോൺ പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയ ബജറ്റ് വിഹിതമായ 20 ലക്ഷം രൂപ കൂടാതെ 3.25 ലക്ഷം രൂപ അധിക ധനാനുമതി വഴി അനുവദിക്കുകയും ടി തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 25)

2047-00-103-99-34-മറ്റു ചെലവുകൾ

നാഷണൽ സേവിംഗ്സ് ഏജന്റുമാരുടെ ക്ഷേമനിധിയിൽ സർക്കാർ വിഹിതം നൽകുന്നതിന് അധികതുക ആവശ്യമായതിനാൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സ്വീകരിച്ച നടപടി

2047-00-103-99-34(നോൺ പ്ലാൻ) ശീർഷകത്തിൽ 55 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. നാഷണൽ സേവിംഗ്സ് ഏജന്റുമാരുടെ ക്ഷേമനിധിയിലേയ്ക്കുള്ള സർക്കാർ വിഹിതം ബജറ്റിൽ ഉൾക്കൊള്ളിച്ച തുകയിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞതിനാൽ അധിക തുക വകയിരുത്തേണ്ടി വന്നിട്ടില്ല

ശിപാർശ (ഖണ്ഡിക 26)

2047-00-103-98-01-കളക്ടറാഫീസ് - ശമ്പളം

ശമ്പളപരിഷ്കരണം, ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവ് എന്നിവ മൂലമുണ്ടാകുന്ന

അധിക ചെലവിനായി 7.52 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2047-00-103-98-01 (നോൺ പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയ ബജറ്റ് വിഹിതമായ 73.12 ലക്ഷം രൂപയിൽ പ്രതീക്ഷിച്ച രീതിയിൽ ക്ഷാമബത്താ വർദ്ധനവ് ഉണ്ടാകാത്തതിനാൽ ആകെ 59.99 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ആയതിനാൽ സമിതി ശിപാർശ ചെയ്ത 7.52 ലക്ഷം രൂപ അധികം അനുവദിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

ശിപാർശ (ഖണ്ഡിക 27)

2047-00-103-96-01 - ജില്ലാ ഓഫീസുകൾ - ശമ്പളം

ശമ്പള പരിഷ്കരണം, ക്ഷാമബത്തയിലുണ്ടാകുന്ന വർദ്ധനവ് എന്നിവ കണക്കിലെടുത്ത് 41.83 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2047-00-103-96-01 (നോൺ പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയ 393.42 ലക്ഷം രൂപയിൽ ആകെ 230.60 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ആയതിനാൽ സമിതി ശിപാർശ ചെയ്ത 41.83 ലക്ഷം രൂപ അനുവദിക്കേണ്ട സാഹചര്യം ഉണ്ടായില്ല

ശിപാർശ (ഖണ്ഡിക 28)

2047-00-103-96-02 - വേതനം

2014-15 വർഷത്തെ കുടിശ്ശിക ഉൾപ്പെടെ വേതനം കൊടുത്തു തീർക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 4.77 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി

ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2047-00-103-96-02 (നോൺ പ്ലാൻ) ശീർഷകത്തിലെ ബജറ്റ് വിഹിതമായ 6.86 ലക്ഷം രൂപയ്ക്ക് പുറമേ അധിക ധനാനുമതി വഴി 2.50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി ശീർഷകത്തിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 29)</u>

2047-00-103-96-04 - <u>യാത്രാ ചെലവുകൾ</u>

ജില്ലാ ഓഫീസുകളിലെ ഉദ്യോഗസ്ഥന്മാരുടെ യാത്രാബത്ത, അവധിയാത്രാ ആനുകൂല്യം എന്നിവ നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2.23 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2047-00-103-96-04 (നോൺ പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയ 3.52 ലക്ഷം രൂപയിൽ 3.24 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ആയതിനാൽ അധിക തുക വകയിരുത്തേണ്ട സാഹചര്യം ഉണ്ടായില്ല.

<u>ശിപാർശ (ഖണ്ഡിക 30)</u>

2047-00-103-87 - <u>ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം</u>

ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാ പ്രധാൻ ഏജന്റുമാർക്കും എസ്.എ.എസ്. ഏജന്റുമാർക്കും അധിക സേവനത്തിന് പ്രതിഫലം നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2047-00-103-87 (നോൺ പ്ലാൻ) ശീർഷകത്തിൽ 10000 ലക്ഷം രൂപ ബഡ്ജറ്റ്

വിഹിതമായി വകയിരുത്തിയിരുന്നു. ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാ പ്രധാൻ/എസ്.എ.എസ്. ഏജന്റുമാർക്ക് അധിക സേവനത്തിന് പ്രതിഫലം നൽകുന്നതിനായി ടി ബഡ്ജറ്റ് വിഹിതത്തിനു പുറമേ 6027.04 ലക്ഷം രൂപ അധിക ധനാനുമതി/ഉപധനാഭ്യർത്ഥന വഴി വകയിരുത്തിയിരുന്നു. ഈ തുക വിനിയോഗിച്ച് 2016 ജനുവരി മാസം വരെയുള്ള കുടിശ്ശിക നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 31)

2047-00-103-86 - ഭവനമില്ലാത്ത ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്ക് ഭവന പദ്ധതി

ദേശീയ സമ്പാദ്യ പദ്ധതിയിൽ ഭവന വായ്പയ്ക്കായി അപേക്ഷ നൽകിയിട്ടുള്ള 49 ഏജന്റുമാർക്ക് സബ്സിഡി നൽകുന്നതിനായി 48.99 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2047-00-103-86 (നോൺ പ്ലാൻ) ശീർഷകത്തിൽ 1000 രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നു. ദേശീയ സമ്പാദ്യ പദ്ധതിയിൽ ഭവന പദ്ധതി നടപ്പിലാക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ സമിതി ശിപാർശ ചെയ്ത 48.99 ലക്ഷം രൂപ ടി ശീർഷകത്തിൽ ആവശ്യപ്പെട്ടിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ഭരണം.സി1/82/2015/ധന. തീയതി 01.06.2016)

## ധനാഭ്യർത്ഥന നമ്പർ XVI - പെൻഷനും പലവകയും

ശിപാർശ (ഖണ്ഡിക 36)

2075-00-800-98 - രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

അക്കാദമിക്ക് സ്വന്തമായി ഓഫീസ് കെട്ടിടം നിർമ്മിക്കുക, വിമാന എഞ്ചിൻ മാറ്റുക,

എയർപോർട്ട് പെരിമീറ്റർ റോഡ് നിർമ്മിക്കുക, സിംഗിൾ എഞ്ചിൻ വിമാനം വാങ്ങുക, മിഗ് വിമാനം സ്ഥാപിക്കാനുള്ള പ്ലാറ്റ് ഫോം പണിയുക, സീപ്ലെയിൻ വാങ്ങുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയിനത്തിൽ 1 കോടി രൂപ അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചുവെങ്കിലും 2015-16 സാമ്പത്തിക വർഷം പൂർത്തിയായതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ കാ.യു.വ./ബി1/36/15 തീയതി 06.08.2016)

## ധനാഭ്യർത്ഥന നമ്പർ XLV - പലവക വായ്പകളും മുൻകൂറുകളും

<u>ശിപാർശ (ഖണ്ഡിക 37)</u>

7610-00-201-98 - <u>ഭവനനിർമ്മാണ വായ്പകൾ സംസ്ഥാന സർവ്വീസ് ഉദ്യോഗസ്ഥന്മാർ</u>

2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർവ്വീസ് ഉദ്യോഗസ്ഥന്മാർക്ക് ഭവന നിർമ്മാണ വായ്പയുള്ള ആയിരത്തിലധികം അപേക്ഷകളും 2015-16 വർഷത്തിൽ പ്രതീക്ഷിക്കുന്ന അപേക്ഷകളും ഒരുമിച്ച് 2015-16 ൽ പരിഗണിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 85 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം പ്രതീക്ഷിച്ചതിലും കുറവായിരുന്നതിനാൽ അധിക തുക അനുവദിക്കേണ്ടതായി വന്നില്ല

(സർക്കാർ കത്ത് നമ്പർ 50004/എച്ച്.ബി.എ 2/16/ധന. തീയതി 18.04.2016)

## ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

<u>ശിപാർശ (ഖണ്ഡിക 38)</u>

2235-60-110-98-01(4) - <u>ജില്ലാ ഓഫീസുകൾ - മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് ഈ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 1.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച ശേഷം അധിക തുക ഉചിതമാർഗ്ഗത്തിലൂടെ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 39)</u>

2235-60-110-99-06 – <u>സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്- വാടക, കരം, നികുതി</u>

ഹൗസിംഗ് ബോർഡിൽ ഇൻഷ്വറൻസ് വകുപ്പിന്റെ ആസ്ഥാന കാര്യാലയം പ്രവർത്തിച്ചിരുന്നപ്പോഴുള്ള വാടക കുടിശ്ശിക നൽകുന്നതിനായി 15 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച ശേഷം അധിക തുക ഉചിതമാർഗ്ഗത്തിലൂടെ അനുവദിക്കുന്ന കാര്യം വിഭവലഭ്യതയുടെ കൂടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 40)</u>

2235-60-110-98-06 - <u>വാടക, കരം, നികുതി</u>

കോട്ടയം ജില്ലാ ഇൻഷ്വറൻസ് ഓഫീസ് കെ.എസ്.എച്ച്.ബി. ബിൽഡിംഗിൽ പ്രവർത്തിച്ചിരുന്നപ്പോഴുള്ള വാടക കുടിശ്ശിക നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച ശേഷം അധിക തുക ഉചിതമാർഗ്ഗത്തിലൂടെ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 41)</u>

2235-60-110-98-05(4) - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ.

വാണിജ്യ സ്വഭാവമുള്ള വകുപ്പായതിനാൽ ഇൻഷ്വറൻസ് വകുപ്പിന് സ്റ്റേഷനറി സാധനങ്ങൾക്ക് വില ഈടാക്കുന്നതിനായി 2 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സ്വീകരിച്ച നടപടി

നിലവിലുള്ള ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച ശേഷം അധിക തുക ഉചിതമാർഗ്ഗത്തിലൂടെ അനുവദിക്കുന്ന കാര്യം വിഭവലഭ്യതയുടെ കൂടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 42)

2235-60-110-99-21 - മോട്ടോർ വാഹനങ്ങൾ

ഇൻഷ്വറൻസ് വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലെ വാഹനം മാറ്റേണ്ടതിനാലും 14 ജില്ലാ ഓഫീസുകളിലേയ്ക്കും ഓരോ വാഹനം ലഭ്യമാക്കേണ്ടതിനാലും ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സ്വീകരിച്ച നടപടി

ഇൻഷ്വറൻസ് വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലെ വാഹനം കണ്ടം ചെയ്യുവാനും പകരമായി 8.06 ലക്ഷം രൂപ വിലവരുന്ന മാരുതി കാർ വാങ്ങുവാനുമുള്ള ഭരണാനുമതി ഈ സാമ്പത്തിക വർഷം പുറപ്പെടുവിച്ചിട്ടുണ്ട്. 14 ജില്ലാ ഓഫീസുകൾക്കും വാഹനം വാങ്ങുന്നതിനുള്ള ശിപാർശ സംസ്ഥാന സർക്കാരിന്റെ വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 43)

2235-60-110-97 - സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - കമ്പ്യൂട്ടർവൽക്കരണം.

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 75 ലക്ഷം രൂപ ഈ ശീർഷകത്തിൽ

അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച ശേഷം അധിക തുക ഉചിതമാർഗ്ഗത്തിലൂടെ അനുവദിക്കുന്ന കാര്യം വിഭവലഭ്യതയുടെ കൂടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 50786/എസ്റ്റാ.ഡി2/15/ധന. തീയതി 27.07.2015)

## ഭാഗം -2

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ഖണ്ഡികകൾ

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | നികുതി | 16 - 20, 32 - 34 |
| 2 | ആഭ്യന്തരം | 35 |

തിരുവനന്തപുരം,
2016 ഒക്ടോബർ 24.

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്റ്റ് കമ്മിറ്റി VIII.*

1153/2016.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.